(ഇ) പ്രൊഫഷണൽ കോഴ്സുകൾക്കുള്ള സംവരണത്തിന് വാർഷിക വരുമാനപരിധി 1,50,000 രൂപയായി ഉയർത്തിയിട്ടുണ്ട്. എന്നാൽ മറ്റ് ആനുകൂല്യങ്ങൾക്കുള്ള വാർഷികവരുമാനപരിധിയിൽ മാറ്റം വരുത്തുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ഭിന്നതല പഠന കേന്ദ്രങ്ങൾ

29 (2009) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭിന്നതല പഠന കേന്ദ്രങ്ങൾ എത്ര എണ്ണമുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സ്കൂളിലെ കുട്ടികൾക്ക് പ്രതിദിനം അനുവദിച്ചിട്ടുള്ള ഭക്ഷണ സാധനങ്ങളുടെ അളവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ ; ഇത് ക്രമമായി കൊടുക്കാറുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) നിലവിലുള്ള അളവ് കുറവായതിനാൽ അത് വർദ്ധിപ്പിക്കുവാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ആറ് ഡി.പി.ഇ.പി. ജില്ലകളിലായി ആകെ 93 ഭിന്നതല പഠന കേന്ദ്രങ്ങൾ നിലവിലുണ്ട്.

(ബി) ഭിന്നതല കേന്ദ്രങ്ങളിൽ ഓരോ കുട്ടിക്കും ഉച്ചഭക്ഷണത്തിനായി പ്രതിദിനം 60 ഗ്രാം അരി, 30 ഗ്രാം പയർ എന്ന തോതിൽ ക്രമമായി നൽകിവരുന്നുണ്ട്.

(സി) സാധാരണ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് അനുവദിച്ചിരിക്കുന്ന അതേ അളവിൽ തന്നെയാണ് ഭിന്നതല പഠന കേന്ദ്രങ്ങളിലും ഭക്ഷണ സാധനങ്ങൾ നൽകി വരുന്നത്.

ഭിന്നതല പഠന കേന്ദ്രം

30 (2010) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭിന്നതല പഠനകേന്ദ്രത്തിൽ എത്ര വയസ്സ് വരെയുള്ള കുട്ടികളെയാണ് പഠിപ്പിക്കുന്നത് ;

(ബി) ഇവിടെ എത്ര അദ്ധ്യാപകരാണുള്ളത് ; ഈ അദ്ധ്യാപകർക്ക് കൊടുക്കുന്ന അലവൻസ് എത്രയാണ് ;

(സി) ഇവിടെ ഭക്ഷണം പാകം ചെയ്യുന്നതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അഞ്ചു മുതൽ പതിനാല് വയസ്സുവരെയുള്ള കുട്ടികളെയാണ് ഭിന്നതല പഠനകേന്ദ്രങ്ങളിൽ പഠിപ്പിച്ചു വരുന്നത്.

(ബി) ഒരു കേന്ദ്രത്തിൽ ഒരു ഇൻസ്ട്രക്ടറാണ് ഉള്ളത്. ഇവർക്ക് പ്രതിമാസം 1500 രൂപ അലവൻസായി നൽകി വരുന്നു.

(സി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ സ്കൂളുകളിലെന്നപോലെ ഇവിടെ ഭക്ഷണം പാകം ചെയ്യുന്നതിന് ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രാദേശികാടിസ്ഥാനത്തിൽ സന്നദ്ധ സേവനത്തിലൂടെയാണ് ഇക്കാര്യം നിർവഹിച്ചു വരുന്നത്.

സർക്കാർ സ്കൂളുകളിൽ പ്ലസ് ടൂ കോഴ്സ് ആരംഭിക്കുന്നതിനുള്ള മാനദണ്ഡം

31 (2011) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര സർക്കാർ സ്കൂളുകളിലാണ് പ്ളസ് ടൂ കോഴ്സ് അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ സ്കൂളുകളിൽ പ്ളസ് ടൂ കോഴ്സ് അനുവദിച്ച് കിട്ടുന്നതിന് ആവശ്യമായിട്ടുള്ള കാര്യങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ ;

(സി) സർക്കാർ സ്കൂളുകളിൽ പ്ളസ് ടൂ കോഴ്സ് അനുവദിച്ചു കിട്ടുന്നതിന് സ്കൂൾ പി.ടി.എ. എന്തെങ്കിലും നടപടികൾ സ്വീകരിക്കേണ്ടതുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) അപേക്ഷ നൽകിയിട്ടുള്ള സ്കൂളുകൾ പ്ലസ് ടൂ ക്ലാസ്സുകൾ നടത്തുന്നതിന് അനുയോജ്യമാണോ എന്ന് പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2000-2001 അദ്ധ്യയന വർഷം പ്ളസ് ടൂ കോഴ്സ് അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടേയുള്ളൂ. അനുവദിക്കേണ്ട സ്കൂളുകളുടെ എണ്ണം തീരുമാനിച്ചിട്ടില്ല.

(ബി) പ്ളസ് ടൂ അനുവദിക്കേണ്ട സ്കൂളുകളിൽ ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഉണ്ടായിരിക്കണം. കൂടാതെ ഒരു പ്രത്യേക പ്രദേശത്തിന്റെ വിദ്യാഭ്യാസപരമായ ആവശ്യകതയും പിന്നോക്കാവസ്ഥയും കൂടി കണക്കിൽ എടുക്കുന്നതാണ്.

(സി) ഗവൺമെന്റ് സ്കൂളാണെങ്കിൽ ഹെഡ്മാസ്റ്ററാണ് പ്ളസ് ടൂ കോഴ്സ് അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. ഇത് നിശ്ചിത ഫാറത്തിലായിരിക്കണം. അപേക്ഷാഫീസില്ല. പി.റ്റി.എ.ക്ക് ഇക്കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly